**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 4759** **27.10.2016 -ൽ മറുപടിക്ക്**

# ദേശീയപാത വികസനകാര്യം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ. ദാസൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത വികസനകാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി പദ്ധതിയിൽപ്പെടുത്തി 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നത്. ഇതിൽ വാളയാർ മുതൽ അരൂർ വരെയുള്ള ദേശീയപാത 47 (ഇടപ്പള്ളി വരെ പുതിയ എൻ.എച്ച് 544 ഉം ഇടപ്പള്ളി മുതൽ അരൂർ വരെ പുതിയ എൻ.എച്ച് 66 ഉം) സ്ഥലമെടുപ്പ് പൂർത്തീകരിച്ച് വികസനത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ദേശീയപാത പുതിയ എൻ.എച്ച് 66 ന്റെ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ള 43 കി.മീ. സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണം നടന്നു വരുന്നു. സർവ്വീസ് റോഡോടു കൂടിയ നാലുവരിപ്പാതയായി വികസനം ശേഷിക്കുന്നത് തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (420 കി.മീ) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (172.9 കി.മീ.) അടങ്ങുന്ന പുതിയ എൻ.എച്ച് 66 ആണ്. ഈ ഭാഗത്തെ ദേശീയപാതാ വികസനത്തിന്റെ സ്ഥലമെടുപ്പിലെ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. കൂടാതെ ഇതിനു വേണ്ട പുതുക്കിയ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്ന നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ DPR കൺസൾട്ടന്റ് |

| | | | |
|---|---|---|---|
| | | | മുഖാന്തിരം നടത്തി വരുന്നു. നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് എഗ്രിമെന്റ് പ്രകാരം ആഗസ്റ്റ് 2016 മുതൽ 6 മാസക്കാലയളവിനുള്ളിൽ പുതുക്കിയ DPR, കൺസൽട്ടന്റ് സമർപ്പിക്കേണ്ടതാണ്. മറ്റ് ദേശീയപാതകളായ എൻ.എച്ച് 49 (ബോഡിമെട്ട - കുണ്ടന്നൂർ), എൻ.എച്ച് 208 (കൊല്ലം - കഴുതുരുട്ടി), എൻ.എച്ച് 212 (കോഴിക്കോട് - മുത്തങ്ങ), എൻ.എച്ച് 213 (കോഴിക്കോട് - പാലക്കാട്), എൻ.എച്ച് 220 (കൊല്ലം - കുമിളി), എൻ.എച്ച് 183 എ (ഭരണിക്കാവ് - പത്തനംതിട്ട - വണ്ടിപ്പെരിയാർ), എൻ.എച്ച് 185 (അടിമാലി - പൈനാവ് - കുമിളി) എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. |
| (ബി) | എൻ.എച്ച്.-ൽ വെങ്ങളം-മാഹി നാലുവരിപ്പാത വികസന കാര്യത്തിൽ നടപടി പുരോഗതി വിശദമാക്കാമോ? | (ബി) | ദേശീയപാത 66 ൽ കി.മീ.18/050 മുതൽ 186/400 (തലപ്പാടി മുതൽ മാഹി പാലം വരെ) വരെയുള്ള നാലുവരിപ്പാതയുടെ സർവ്വേ നടപടികളും മറ്റു പ്രവൃത്തികളും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും റവന്യൂ വകുപ്പും ചേർന്നാണ് നടപ്പിലാക്കുന്നത്. ഇതിൽ തലശ്ശേരി (കി.മീ.170/718) മുതൽ മാഹി (കി.മീ.187/674) വരെ ആകെ 18/044 കി.മീ നീളമാണ് ഉള്ളത്. തലശ്ശേരി - മാഹി ബൈപ്പാസിനു വേണ്ടി 0/000 മുതൽ 11/897 കി.മീ വരെയുള്ള (പോണ്ടിച്ചേരിയുടെ ഭാഗമായിട്ടുള്ള അതിർത്തി വരെ) ജലസേചന വകുപ്പിന്റെ 1.0173 ഹെക്ടർ സ്ഥലം ഒഴികെയുള്ള ആവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ DPR തയ്യാറാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ AECOM എന്ന കൺസൽട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**